പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3073 | 07/11/2019-ൽ മറുപടിക്ക്

## സർവീസിലുള്ള അധ്യാപകരുടെ കെ-ടെറ്റ് യോഗ്യത

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ്. പി: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കെ-ടെറ്റ് യോഗ്യതാപരീക്ഷ വിജയിച്ചില്ല എന്ന കാരണത്താൽ നിലവിൽ സർവീസിലുള്ള അധ്യാപകരുടെ പ്രൊബേഷൻ പൂർത്തീകരണം, ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ തടയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) വിവിധ ഉത്തരവുകളിലൂടെ 2012-13 മുതൽ 2018-19 വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 31-03-2019 വരെ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടി കാലയളവിനുള്ളിൽ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത അദ്ധ്യാപകരുടെ നിയമനാംഗീകാരം, പ്രൊബേഷൻ, ഇൻക്രിമെന്റ് തുടങ്ങിയ വ്യവസ്ഥകൾ എപ്രകാരം നിശ്ചയിക്കണമെന്നത് സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) സർവീസിലുള്ള അധ്യാപകരെ കെ-ടെറ്റ് യോഗ്യതാപരീക്ഷ വിജയിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) യെ ആണ്. ഇതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ